(സി) കട്ടത്തുരുത്തി പോളി ക്ലിനിക്കിന് അസിസ്റ്റൻറ് ഡയറക്ടർ, ലാബ് ടെക്നീഷ്യൻ, ക്ലാർക്ക്, ഫീൽഡ് ഓഫീസർ എന്നീ 4 തസ്തികകൾ അധികമായി വേണം. ജി.ഒ.(പി) 400/14/ഫിൻ 19-9-2014 ഉത്തരവ് പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 2015 മാർച്ച് 31 വരെ നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളതിനാൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നില്ല.

കുട്ടനാട്ടിലെ താറാവ് രോഗം

242 (3529) ശ്രീ. കെ. അജിത് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാടൻ മേഖലയിൽ താറാവുകൾക്ക് രോഗം പടർന്നുപിടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുവരെ എത്രത്തോളം താറാവുകളാണ് ഈ രീതിയിൽ മരണപ്പെട്ടതെന്നും രോഗകാരണം എന്തെന്നും വ്യക്തമാക്കുമോ ;

(ബി) താറിവ് രോഗം പടർന്നു പിടിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) താറാവ് കർഷകർക്ക് ഏതു രീതിയിലുള്ള സഹായനടപടികളാണ് ഉറപ്പുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) കുട്ടനാട്ടിലെ താറാവ് സമ്പത്തിന് ഭീക്ഷണിയായ ഈ രോഗത്തിനുള്ള മരുന്നിന്റെ അമിത വില ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട് H5N1 ഇനത്തിൽപ്പെട്ട ഏവിയൻ ഇൻഫ്ലുവൻസ (പക്ഷിപ്പനി) യാണ് രോഗകാരണം. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലെ രോഗബാധിത പ്രദേശങ്ങളിൽ 17,835 താറാവുകൾ രോഗംമൂലം മരണപ്പെട്ടിട്ടുണ്ട്.

(ബി) രോഗബാധിതപ്രദേശങ്ങളുടെ 1 കി. മീ. ദൂര പരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ചും ക്ലാസ്സുകൾ നടത്തുകയും ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുകയും, റേഡിയോ/പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. രോഗബാധയുള്ള സ്ഥലങ്ങളിൽ അണുനാശിനി പ്രയോഗവും സാനിട്ടേഷൻ പ്രവർത്തനങ്ങളും നടത്തി.

(സി) താറാവുകർഷകർക്ക് രോഗം ബാധിച്ചതുമൂലം കൊന്ന താറാവുകളിൽ 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകി. രോഗബാധമൂലം മരണപ്പെട്ട താറാവുകൾക്കും ഇതേ നിരക്കിൽ നഷ്ടപരിഹാരം നൽകും. നശിപ്പിക്കപ്പെട്ട താറാവുമുട്ടയ്ക്കും മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ നിരക്കിൽ സഹായം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) താറാവുകൾക്ക് മരുന്ന നൽകുന്ന വ്യവസ്ഥ നിലവിലില്ല. രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളുകൾക്കാണ് പ്രതിരോധ മരുന്ന് നൽകുന്നത്. ആവശ്യമായ മരുന്ന് ആരോഗ്യവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

പക്ഷിപ്പനിയും സാധ്യതാപഠന റിപ്പോർട്ടും

243 (3530) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പക്ഷിപ്പനി പടരുന്നതിനുമുമ്പ്, പക്ഷിപ്പനി സാധ്യതാ റിപ്പോർട്ടുകൾ ലഭിച്ചിരുന്നോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) അപ്രകാരം ലഭിച്ച റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പക്ഷിപ്പനിയുടെ വിവരം മുൻകൂട്ടി അറിഞ്ഞിട്ടും വേണ്ടത്ര മുൻകരുതൽ എടുക്കുന്നതിൽ വീഴ്ച സംഭവിച്ചു എന്ന് വിലയിരുത്തുന്നുണ്ടോ ;

(ഡി) താറാവ് കർഷകർക്ക് വന്ന ചേർന്നിട്ടുള്ള നഷ്ടം പൂർണ്ണമായും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേരളത്തിൽ പക്ഷിപ്പനി പടരുന്നതിനുമുമ്പ് പക്ഷിപ്പനി സാധ്യതാ റിപ്പോർട്ടുകൾ ലഭിച്ചിരുന്നില്ല. ദേശാടന പക്ഷികളിൽ നിന്നും വളർത്തുന്ന പക്ഷികളിൽനിന്നും ശേഖരിക്കുന്ന സാമ്പിളുകൾ ബാംഗ്ലൂരിലെ സതേൺ റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക്ക് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചിരുന്നുവെങ്കിലും പക്ഷിപ്പനിയുടെ വൈറസിന്റെ സാന്നിദ്ധ്യം അറിയിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly